# പത്രക്കുറിപ്പ്

കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന വിവിധ പരീക്ഷകൾക്ക് അസിസ്റ്റന്റ് സൂപ്രണ്ടുമാരായി നിയമിക്കപ്പെടാൻ താല്പര്യമുള്ള എൽ.പി/യു.പി. സ്കൂൾ അസിസ്റ്റന്റുമാർ, എച്ച്.എസ്.എ., മറ്റ് സർക്കാർ ഉദ്യോഗസ്ഥർ, റിട്ടയർ ചെയ്ത് 5 വർഷം കഴിയാത്ത ലാസ്റ്റ്ഗ്രേഡ് ജീവനക്കാർ ഒഴികെയുള്ള ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും കമ്മീഷൻ അപേക്ഷ ക്ഷണിക്കുന്നു. യോഗ്യരായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാ തലത്തിൽ പാനൽ തയ്യാറാക്കും. പരീക്ഷാ കേന്ദ്രങ്ങളിൽ ആവശ്യത്തിനനുസരിച്ച് അസിസ്റ്റന്റ് സൂപ്രണ്ടുമാരെ നിയോഗിക്കും. സർവ്വീസിൽ ഉള്ളവർക്കും വിരമിച്ചവർക്കും അപേക്ഷ സമർപ്പിക്കാൻ പ്രത്യേകം പ്രത്യേകം മാതൃകയിലുള്ള അപേക്ഷ ഫോറം ഉണ്ട്. ഒരാൾ ഒരു ജില്ലയിലേയ്ക്കു മാത്രം അപേക്ഷ സമർപ്പിച്ചാൽ മതിയാകും. പൂരിപ്പിച്ച അപേക്ഷകൾ അവസാനതീയതിയായി നിശ്ചയിച്ചിരിക്കുന്ന 2011 ഫിബ്രവരി 9 ന് 5 മണിവരെ അതാത് ജില്ലാ ആഫീസുകളിൽ സ്വീകരിക്കും. അപേക്ഷകർ തങ്ങളുടെ അപേക്ഷ ജില്ലാ ആഫീസർമാർക്ക് നേരിട്ട് സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെടേണ്ട ജില്ലാ ഓഫീസുകളുടെ ഫോൺ നമ്പരുകൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ലാ ഓഫീസുകൾ | ഫോൺ നമ്പർ |
|---|---|---|
| 1 | തിരുവനന്തപുരം | 0471-2316242 |
| 2 | കൊല്ലം | 0474-2743624 |
| 3 | പത്തനംതിട്ട | 0468-2222665 |
| 4 | ആലപ്പുഴ | 0477-2264134 |
| 5 | കോട്ടയം | 0481-2578278 |
| 6 | ഇടുക്കി | 04868-272359 |
| 7 | എറണാകുളം | 0484-2427437 |
| 8 | തൃശ്ശൂർ | 0487-2327505 |
| 9 | പാലക്കാട് | 0491-2505398 |
| 10 | മലപ്പുറം | 0483-2734308 |
| 11 | കോഴിക്കോട് | 0495-2371971 |
| 12 | വയനാട് | 04936-202539 |
| 13 | കണ്ണൂർ | 0497-2700482 |
| 14 | കാസറഗോഡ് | 04994-230102 |

അപേക്ഷാ ഫോറങ്ങളുടെ മാതൃകയും മറ്റ് വിശദാംശങ്ങളും കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.org-ൽ ലഭ്യമാണ്. അപേക്ഷാ ഫോറം വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

(രമേഷ്/14.01.11)